"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം പാങ്ങോട്- കെ.വി.യു.പി.എസ്. മാനേജർ, യു.പി.എസ്.റ്റി.മാരായ ശ്രീമതി ലിസ ഇ.എൽ., ശ്രീമതി ഷിബിന എസ്.എൻ. എന്നിവർ സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4591/2025/GEDN തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. പാങ്ങോട് കെ.വി.യു.പി.എസ്.ലെ മാനേജർ സമർപ്പിച്ച 21/10/2024-ലെ ഹർജി.
2. പാങ്ങോട് കെ.വി.യു.പി.എസ്.ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ലിസ ഇ.എൽ. സമർപ്പിച്ച 21/10/2024-ലെ ഹർജി.
3. പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2025-ലെ AEOPLD/29/2025-C നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസഡയറക്ടറുടെ 31/01/2025-എഫ്1/13/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം പാങ്ങോട് കെ.വി.യു.പി.എസ്. മാനേജർ, യു.പി.എസ്.റ്റി.മാരായ ശ്രീമതി ലിസ ഇ.എൽ., ശ്രീമതി ഷിബിന എസ്.എൻ. എന്നിവർ സമർപ്പിച്ച ഹർജിയിന്മേൽ 31/01/2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളെ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ടി സ്കൂളിലെ യു.പി.എസ്.റ്റി. ശ്രീമതി ഷിബിന എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 15419/2024-ന്റെ 20/05/2024-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 15/10/2024-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) നം.7262/2024/പൊവിവ പുന:പരിശോധിക്കണമെന്നതാണ് ഹർജിക്കാരുടെ ആവശ്യം.

2) ഹർജിക്കാരുടെ വാദങ്ങൾ ഇപ്രകാരമാണ്:

a) ടി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി ശ്രീമതി ലിസ ഇ.എൽ.ന്റെ വാദം കേട്ടിട്ടില്ല.

b) ടി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി ശ്രീമതി ലിസ ഇ.എൽ.ന്റെ വാദം കേട്ടിട്ടില്ല.

c) 11/03/2024 മുതൽ വേലവിലക്കിൽ തുടരുന്ന പ്രഥമാദ്ധ്യാപകന്റെ റിപ്പോർട്ട് തേടിയത് ഉചിതമല്ല.

d) 2023-24 വർഷം തസ്തിക നഷ്ടംമൂലം ശ്രീമതി ഷിബിനയും ശ്രീമതി ലിസയും പുറത്തായിരുന്നു.

e) ശ്രീമതി ഷിബിനയ്ക്ക് 01/09/2016 മുതലും ശ്രീമതി ലിസയ്ക്ക് 15/07/2018 മുതലും നിയമനം

നൽകിയെങ്കിലും 14/07/2023 വരെ പരിമിതപ്പെടുത്തിയാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളത്. ടിയാളുകൾക്ക് റഗുലർ ഒഴിവ് നിലവിലുണ്ടായിട്ടും നിയമനാംഗീകാരം നൽകാത്ത സാഹചര്യമാണ് നിലനിന്നത്.

f) 15/07/2023 മുതൽ തസ്തിക നഷ്ടപ്പെട്ട ശ്രീമതി ഷിബിനയെ 2021 മുതൽ നിലവിലുള്ള ശ്രീ.ആർ.ഷിബുവിൻ്റെ ഡെപ്യൂട്ടേഷൻ വേക്കൻസിയിലും, ശ്രീമതി ലിസയെ 27/10/2023 മുതലുള്ള ഹെഡ് ടീച്ചർ വേക്കൻസിയിലും ക്രമീകരിച്ച് നിലനിർത്താമായിരുന്നു.

g) നിലവിൽ ശ്രീമതി ഷിബിനയെ ഹെഡ് ടീച്ചർ വേക്കൻസിയിൽ 27/10/2023 മുതൽ ക്രമീകരിച്ചതിനാൽ ജൂനിയറായ ശ്രീമതി ലിസയെ 15/07/2023 മുതൽ ഡെപ്യൂട്ടേഷൻ ഒഴിവിൽ ക്രമീകരിക്കേണ്ടിവരും. അപ്പോൾ സീനിയറായ ശ്രീമതി ഷിബിനയ്ക്ക് 15/07/2023 മുതൽ 26/10/2023 വരെ സേവനഭംഗം ഉണ്ടാകും. ശ്രീമതി ഷിബിനയെ 15/07/2023 മുതൽ ഡെപ്യൂട്ടേഷൻ ഒഴിവിലും ശ്രീമതി ലിസയെ 27/10/2023 മുതൽ ഹെഡ് ടീച്ചർ വേക്കൻസിയിലും നിയമിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

h) തസ്തിക നിർണയത്തിൽ അഞ്ചാം ക്ലാസ്സിൽ ഒഴിവാക്കപ്പെട്ട 4 കുട്ടികൾ യഥാർത്ഥത്തിൽ റോളിലുള്ളവരാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ 2023-24 വർഷത്തെ തസ്തിക പുനർനിർണയിച്ച് 5-ാമത്തെ ഡിവിഷൻ അനുവദിക്കാവുന്നതാണ്.

i) 2024-25 വർഷം 5-ാം ക്ലാസ്സിലെയും 6-ാം ക്ലാസ്സിലെയും കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജി.ഒ.(ആർ.റ്റി) നം. 7262/2024/പൊവിവ തീയതി 15/10/2024 പ്രകാരം, ശ്രീമതി ഷിബിന എസ്.എൻ.നെ എച്ച്.റ്റി.വി. തസ്തികയിൽ ക്രമീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയാണ് ശ്രീമതി ഷിബിന ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 15419/2024-ന്മേലുള്ള 20/05/2024-ലെ വിധിന്യായം നടപ്പിലാക്കിയിട്ടുള്ളത്.

4) ടി സർക്കാർ ഉത്തരവ് പ്രകാരം, ശ്രീമതി ഷിബിനയുടെ നിയമനം എച്ച്.റ്റി.വി. തസ്തികയിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, 2023-24 വർഷത്തെ തസ്തിക നിർണയത്തിൽ അഞ്ചാം ക്ലാസ്സിലെ 4 കുട്ടികളുടെ UID വിവരങ്ങൾ വാലിഡേറ്റ് ചെയ്ത് തസ്തികനിർണയ ഉത്തരവ് പുന:പരിഷ്കരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ അനുമതി നൽകുന്ന മുറയ്ക്ക് അഞ്ചാം ക്ലാസ്സിൽ അഞ്ചാം ഡിവിഷൻ അനുവദിക്കുവാൻ സാധിക്കുമെന്നും, ടി സ്കൂളിലെ യു.പി.എസ്.റ്റി. ശ്രീ.ഷിബു ആർ. 03/11/2021 മുതൽ എസ്.എസ്.കെ.യിൽ അന്യത്ര സേവനത്തിൽ പാലോട് ബി.ആർ.സി.യിൽ ട്രെയിനർ ആയി ജോലി നോക്കിവരികയാണെന്നും, ടി തീയതി മുതൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

5) 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഇൻവാലിഡ് യു.ഐ.ഡി, വാലിഡ് യു.ഐ.ഡി ആയി ക്രമീകരിക്കുന്നതിനുള്ള സമയ പരിധി സംബന്ധിച്ച് 16/1/2024 ലെ മീറ്റിംഗിലെ മിനിട്സ് പ്രകാരം, കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12 പ്രകാരം ആറാം അധ്യയന ദിവസത്തിൽ യു.ഐ.ഡി. കുട്ടികളെ മാത്രമേ തസ്തിക നിർണയത്തിന് പരിഗണിക്കുകയുണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും യു.ഐ.ഡി. ഇൻവാലിഡ് ആയ കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കുന്നതിനു 07/08/2023 തീയതി വരെ സമയം

അനുവദിച്ചിരുന്നു. ആകയാൽ 08.08.2023 തീയതിയിൽ വാലിഡ് യു.ഐ.ഡി ഉള്ള (i.e, പുതുതായി യു.ഐ.ഡി. നേടിയതോ അഥവാ ഇൻവാലിഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ) കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തിക നിർണ്ണയം നടത്തുവാനും ശേഷം സീനിയർ അധ്യാപകർക്ക് സർവ്വീസ് ബ്രേക്ക് വരാത്ത രീതിയിൽ ലഭ്യമായിട്ടുള്ള തസ്തികകളിൽ ശ്രീമതി ലിസ ഇ.എൽ., ശ്രീമതി ഷിബിന എസ്.എൻ. എന്നിവരുടെ നിയമനങ്ങൾ ക്രമീകരിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) മേൽപ്രകാരം തിരുവനന്തപുരം പാങ്ങോട് കെ.വി.യു.പി.എസ്. മാനേജർ, യു.പി.എസ്.റ്റി.മാരായ ശ്രീമതി ലിസ ഇ.എൽ., ശ്രീമതി ഷിബിന എസ്.എൻ. എന്നിവർ സമർപ്പിച്ച ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, കെ.വി.യു.പി.എസ്., പാങ്ങോട്.
ശ്രീമതി ലിസ ഇ.എൽ., യു.പി.എസ്.റ്റി., കെ.വി.യു.പി.എസ്., പാങ്ങോട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/283/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Sindhu.s
Date: 10-07-2025 16:40:08